ബി.എച്ച്.എസ്.എസ്. മാവണ്ടിയൂർ



# ക്ലൗഡ്

ലിറ്റിൽ കൈറ്റ്സ് മാഗസിൻ

# ഉള്ളടക്കം

## ലിറ്റിൽ കൈറ്റ്സ് ഇ - മാഗസിൻ - ബി.എച്ച്.എസ്.എസ്. മാവണ്ടിയൂർ


ആശംസകൾ...........................................3
ചന്ദ്രൻ.....................................................4
സൂര്യൻ....................................................5
ബാ:ല്യകാലസഖി..................................6
..............................................................8
പൂമ്പാറ്റയും പൂന്തോട്ടവും..............................8
മലയാളം..................................................9
പൂന്തോട്ടം............................................10
തലമുറകളിലൂടെ.....................................12
പുഷ്പവാടി..............................................13
വെളിച്ചം വിതറും നാരുകൾ......................14
ഹോയ്ടി - ടോയ്ടി................................16
അലക്കയന്ത്രമാം അംബ..........................18
ഓർമകൾക്കെന്തു സുഗന്ധം........................19
ഒരു പേനയുടെ ആത്മകഥ........................20
തമാശയായി ചില സത്യങ്ങൾ..................22
പ്രകൃതിസൗന്ദര്യം..................................23
ചങ്ങാതി................................................24
ഒരു മഞ്ഞുതുള്ളി.....................................25
പദപ്രശ്നം................................................26
പ്രകൃതി..................................................28
ഒരു കുടന്ന വെളിച്ചമായ്..........................29
തണലിന്റെ മരണം.................................30
നോവുതാരാട്ട്.........................................32
വിദ്യാലയം.............................................34
സെൻസസ് നാളുകൾ..............................36
ഷെർലക് ഹോംസ് കഥകൾ....................38
ചിത്രങ്ങൾ.............................................40
ലിറ്റിൽ കൈറ്റ്സ് - 2018-19................40
ചില പ്രവർത്തനങ്ങൾ.....................40




**മുഖചിത്രം**

**ഡിജിറ്റൽ പെയിന്റിംഗ്**

**വരച്ചത് - കീർത്തന. എസ്. 9A**

# ആശംസകൾ



ലിറ്റിൽ കൈറ്റ്സ് ക്ലബിന്റെ ആഭിമുഖ്യത്തിൽ ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുന്നതിന് മുൻകൈ എടുത്ത കുട്ടികളെയും അധ്യാപകരെയും അഭിനന്ദിക്കുന്നു. വരും വർഷങ്ങളിലും കൂടുതൽ മെച്ചപ്പെട്ട രീതിയിൽ പ്രവർത്തനങ്ങൾ നടത്താൻ കഴിയട്ടെ എന്ന് ആശംസിക്കുന്നു.

-മോഹനൻ മാസ്റ്റർ (പ്രധാനാധ്യാപകൻ)-



ബ്രദേഴ്സ് ഹയർ സെക്കണ്ടറി സ്കൂൾ മാവണ്ടിയൂരിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് തയ്യാറാക്കിയ ഡിജിറ്റൽ മാഗസിനായ ക്ലൗഡിന്റെ പ്രകാശനത്തിന് പി. ടി.എ യുടെ ഭാഗത്തു നിന്നും എല്ലാ വിധ ആശംസകളും അറിയിക്കുന്നു.

അബ്ദുൾസമദ് ( പി. ടി. എ. പ്രസിണ്ടന്റ് )




# ചന്ദ്രൻ

**ച**ക്രവാളത്തിനറ്റത്ത് സൂര്യൻ മറയുമ്പോൾ
മറ്റൊരറ്റത്തുദിക്കുന്ന ചന്ദ്രൻ
ഇരുട്ടിൽ വെളിച്ചമായി
വിദൂരതയിലൊറ്റക്കായി കൂട്ടുകാരൻ

യാത്രക്കാർക്കൊരു കൂട്ടായി
കൂടെയെന്നും രാവിൽ
ഇരുട്ടിന്റെ മറവിലവന്റെ കരച്ചിൽ
നിലാവത്ത് നമ്മോട് ചിരിക്ക മനസ്സിൽ
ദിനം തോറും ഇരുട്ടിൽ കാവലായി നിൽക്കുക
കൂട്ടിനായി അവനുണ്ട് അവൻക്കായി മറ്റാരുമില്ല
ഇരുട്ടിന്റെ മറവിലെ ചന്ദ്രന്റെ ചിന്തകൾ.

-ഷിറിൻ ഷഹാന. 8A

# സൂര്യൻ



**ക**ത്തിജ്ജ്വലിച്ചു നിൽക്കുമീ
ആകാശത്ത് വട്ടത്തിലൊരു പൊട്ട്
ലോകമെമ്പാടും വെളിച്ചം പകർന്നിടും പൊട്ട്
കാലത്തു പാടത്തെ നെല്ലിനെത്തഴുകിയുണർത്തും
ഉച്ചയ്ക്കു ഭൂമീടെ മധ്യത്തിലും കാണാം
സന്ധ്യയ്ക്കു പടിഞ്ഞാറു പോയൊളിയ്ക്കും

-അജന്യ.കെ **8.B**



# ബാല്യകാലസഖി

-വൈക്കം മുഹമ്മദ് ബഷീർ

മലയാളത്തിലെ വളരെ അധികം പ്രശസ്തനും സുപരിചിതനുമായ കഥാകൃത്ത്, ബഷീർ എഴുതിയ വിഖ്യാതമായ കൃതിയാണ് ബാല്യകാലസഖി. മലയാളത്തിലെ ഏറെ പ്രസിദ്ധമായ വാക്കാണ് "ഇമ്മിണി ബല്യ ഒന്ന്". ഈ വാക്യവും അതിന്റെ അർത്ഥ വ്യാപ്തവും ഉൾക്കൊണ്ടിരിക്കുന്നത് ഈ നോവലിലാണ്.

1908 ജനവരി 21-ന് വൈക്കം താലൂക്കിൽ തലയോലപ്പറമ്പിൽ ബഷീർ ജനിച്ചു. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിൽ ചേർന്ന് സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായി കോഴിക്കോട് നടന്ന ഉപ്പുസത്യാഗ്രഹത്തിൽ പങ്കുകൊണ്ടു. ജയിൽ ശിക്ഷ അനുഭവിക്കുകയും ചെയ്തു. പത്തു വർഷത്തോളം ഇന്ത്യയൊട്ടാകെ സഞ്ചരിച്ചു. പിന്നീട് ആഫ്രിക്ക,അറേബ്യ തുടങ്ങിയ രാജ്യങ്ങളിലും സഞ്ചരിച്ചു. ബാല്യകാലസഖി, പാത്തുമ്മയുടെ ആട്, ന്റുപ്പുപ്പാക്കൊരാനണ്ടാർന്ന് എന്നീ കൃതികൾ

ഇന്ത്യയിലെ പ്രധാന ഭാഷകളിലെല്ലാം തർജ്ജമ ചെയ്ത് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഇന്ത്യാ ഗവൺമെന്റ് പത്മശ്രീ നൽകി ആദരിച്ചു. 1994 ജൂലൈ 5- ന് നിര്യാതനായി.

സുഹ്റാ-മജീദിന്റെ പ്രണയ കഥയും അനുബന്ധ സംഭവവികാസങ്ങളുമാണ് ബാല്യകാലസഖിയുടെ ആധാരം. പരസ്പര ശത്രുകളായിരുന്ന സുഹ്റയും മജീദും ഒരുമിക്കുകയും കൂട്ടുകാരാവുകയും ചെയ്തു. ആ ബന്ധം അവരെ പ്രണയത്തിലേക്ക് എത്തിച്ചു. എന്നാൽ വിധി അവർക്ക് എതിരായിരുന്നു. അവർ പരസ്പരം അകന്നു. മജീദ് നാടുവിട്ട് പോവുകയും അൽപ്പക്കാലത്തിനു ശേഷം തിരിച്ചെത്തുകയും ചെയ്തു. വീട്ടിലെ സാമ്പത്തിക സ്ഥിതി സുഹ്റയേയും മജീദിനേയും വീണ്ടും അകറ്റി. പക്ഷെ, മരണം എന്ന രംഗബോധമില്ലാത്ത കോമാളി സുഹ്റയുടെ പ്രാണൻ ഏറ്റെടുക്കുംപോൾ ബാല്യകാലസഖിയ്ക്ക് തിരശ്ശീല വീഴുന്നു.

"ബാല്യകാലസഖി ജീവിതത്തിൽ നിന്നും വലിച്ചുചീന്തിയ ഒരേടാണ്. വക്കിൽ രക്തം പൊടിഞ്ഞിരിക്കുന്നു. ചിലർക്ക് ചുട്ടു ചോര കാണുമ്പോൾ എന്തെന്നില്ലാത്ത ഒരു പേടിയും അറപ്പും തോന്നും. ബോധക്ഷയം തന്നെ സംഭവിച്ചേക്കാം."ഈ പുസ്തകത്തെ കുറിച്ച് പ്രശസ്ത നിരൂപകൻ എം.പി പോൾ പറഞ്ഞ വാക്കുകളാണിത്. ബാല്യകാലസഖി ഒരാവർത്തിയെങ്കിലും വായിക്കാത്തവർ വിരളമായിരിക്കും.

അനശ്വര . സുരേഷ്. എം. കെ - 9A



# പൂമ്പാറ്റയും പൂന്തോട്ടവും

**പ**ല സ്ഥലങ്ങളിലും നാം പൂന്തോട്ടങ്ങൾ കാണാറുണ്ട്. പക്ഷെ അതിലും ഭംഗിയാർന്ന പൂന്തോട്ടത്തെ കുറിച്ചാണ് വിവരിക്കുന്നത്. പൂന്തോട്ടത്തിൽ പല നിറമുള്ള പൂക്കളും അതുപോലെത്തന്നെ ആ പൂക്കളിലെ തേൻ കുടിക്കാനെത്തുന്ന അനവധി വർണ്ണങ്ങളാർന്ന ചിത്ര ശലഭങ്ങൾ. ഇവയ്ക്ക് ഭംഗി കൂട്ടുന്നത് ഈ പൂക്കളിലെ തേൻനുകർന്നിട്ടാണോ?

ഇവയ്ക്ക് പല പൂക്കളിലെയും തേൻനുകരാൻ കഴിയുന്നു. ഇവ ആടി പാടുന്നതുപോലെ നമുക്ക് ആടി പാടാൻ പറ്റുന്നില്ല. പ്രകൃതിയുമായി ഇണങ്ങി കഴിയാൻ നമുക്ക് പറ്റുന്നില്ല. നമ്മൾ മനുഷ്യൻ എത്ര ഓണമുണ്ടാലും പൂമ്പാറ്റയെ പോലെ ആനന്ദം നമുക്ക് ലഭിക്കുന്നില്ല. പലനിറമുള്ള പൂക്കളിൽ നിന്ന് തേൻ നുകർന്നിട്ടാകാം ഇവയുടെ ചിറകിന് വ്യത്യസ്തനിറം.

-സനിഗ. ഇ. ടി **8B**

# മലയാളം

**മ**ലയാളമേ അമ്മ ഭാഷയേ (2)

മാതൃസ്നേഹം ഉണർത്തും ഭാഷയേ

സ്നേഹത്തിൻ ഭാഷയേ

നമ്മുടെ അമ്മതൻ മലയാളമേ

(മലയാളമേ)

ആനന്തരാഗങ്ങൾ മൂളുന്ന

നിൻ കാതിൽ മധുരസ്വരം മൂളുന്ന (2)

ജീവനന്മേഷം പകർന്നിടും

ഈശ്വരകൃപ നൽകിയ ഭാഷ (മലയാളമേ)

-ഹർഷ .സി . ആർ 8 B

# പൂന്തോട്ടം



**എ**നിയ്ക്കുമുണ്ടൊരു പൂന്തോട്ടം
ഞാൻ നട്ടു വളർത്തിയ പൂന്തോട്ടം
പൂക്കൾ വിരിയും പൂന്തോട്ടം
ഭംഗിയുള്ളൊരു പൂന്തോട്ടം
വീടിനു പിറകിലുള്ളൊരു പൂന്തോട്ടം
തേൻ നുകരും വണ്ടുകൾ വരുന്നൊരു പൂന്തോട്ടം
നാലുമണി ,പത്തുമണി ,റോസാപ്പൂ
പല പല പൂക്കളുള്ള പൂന്തോട്ടം
എനിക്കേറെ പ്രിയമാണെന്റെ പൂന്തോട്ടം
കുളിർ കാറ്റു വീശുമ്പോൾ  ആടും പാടും എൻ പൂന്തോട്ടത്തിലെ പൂക്കൾ.

-ഹന്ന .എൻ. 8 B



# <u>വീണ്ടും</u>

**വീ**ണ്ടും നീ വന്നുവോ എന്നരികിൽ,
വീണ്ടും പിരിയാനായി മാത്രം.
വീണ്ടും പിരിയാതിരുന്നുവെങ്കിൽ;
വീണ്ടും നമുക്കൊന്നിച്ചുപാടാം .
വീണ്ടും നമ്മളൊന്നിച്ചുപാടുമ്പോൾ,
വീണ്ടും വേട്ടക്കാരൻ വന്നെങ്കിൽ,
വീണ്ടും നമുക്കാകാശത്തേക്കുയരാം.
വീണ്ടും നമ്മൾ കാണുമ്പോൾ നമുക്ക്
പ്രണയിക്കാം .
"വീണ്ടും നമുക്ക് മധുരം നുകരാം"

# തലമുറകളിലൂടെ



**ആ** ഇരുണ്ട ഇടനാഴിയിൽ
രാത്രിയുടെ രണ്ടാം യാമത്തിൽ
ഉറക്കെ ഒരു ഭ്രാന്തനെപ്പോലെ
ചിരിച്ചതോർക്കുന്നു ഞാൻ
മുത്തശ്ശന്റെ കുറ്റിത്താടിയിൽ
പിടിച്ചു
വലിച്ചതോർക്കുന്നു ഞാൻ
ഞാനൊരുവട്ടനെപ്പോലെ
പൂമ്പാറ്റയുടെ പിറകെ ഓടിയതോർക്കുന്നു
മുത്തശ്ശിയുടെ സ്നേഹം സ്ഫുരിക്കുന്ന
കണ്ണുകളിൽ നോക്കി മുത്തശ്ശീ
എന്നുറക്കെ വിളിച്ചതോർക്കുന്നു
ഞാൻ
രാത്രിയിൽ ഇരുളിനെ പേടിച്ച്
വടക്കേരിയിൽ ഒളിച്ചതോർക്കുന്നു ഞാൻ
ഇതെല്ലാമെൻ പുത്രനോടു
ചൊല്ലവേ അവന്റെ മറുപടി
അച്ഛാ ഈ പഴഞ്ചൻ കഥകളെല്ലാം
ഫെയ്സ്ബുക്കിലിട്ടോളൂ
ഇതൊന്നുമെനിക്കുകേൾക്കണ്ട
ഈ പഴഞ്ചൻ കഥകൾക്കെല്ലാം
ഒരായിരം ലൈക്കെങ്കിലും കിട്ടും
ഇതുകൂടി കേട്ടപ്പോൾ
എൻ മുഖത്ത് കരച്ചിൽ വട്ടകെട്ടിയിരുന്നു
ആ തലമുറ എന്നേ മൺമറഞ്ഞു പോയി

ബി.എച്ച്.എസ്.എസ്. മാവണ്ടിയൂർ

# പൃഷ്പവാടി



**എ**നിക്കുണ്ടൊരു പൂവാടി
വീടിന്നരികിലൊരു പൂവാടി
നിറയെ പൂക്കളും
ഒരു കൂട്ടം കിളികളും
ഒത്തൊരുമിച്ചൊരു പുഷ്പവാടി

കിളികൾക്കൊരാഘോഷ സ്ഥലം
എനിക്കൊരു വിശ്രമ സ്ഥലം
കാറ്റിൽ പൂക്കളുടെ ചാഞ്ചാട്ടം
കാണുമ്പോൾ എൻമനസ്സിൽ ആഹ്ലാദം

-നിദ ഉസ്മാൻ 8A




# വെളിച്ചം വിതറും നാരുകൾ

**വാ**ർത്താവിനിമയ രംഗത്ത് വലിയ മുന്നേറ്റം സാധ്യമാക്കിയ 'ഒപ്റ്റിക്കൽ ഫൈബറുകളുടെ' കണ്ടുപിടിത്തം ശാസ്ത്രത്തിന്റെ വികസനത്തെ വളരെ അധികം സ്വാധീനിച്ചിട്ടുണ്ട്. പ്രകാശത്തെ സംവഹിക്കാൻ കഴിവുള്ള സ്ഫടികത്തിന്റെയോ പ്ലാസ്റ്റിക്കിന്റെയോ നാരുകളാണ് 'ഒപ്റ്റിക്കൽ ഫൈബറുകൾ' എന്ന പറയുന്നത് . ഒപ്റ്റിക്കൽ ഫൈബറുകളുടെ രൂപകൽപ്പനയേയും ഉപയോഗത്തെയും കുറിച്ച പഠിക്കുന്ന ശാസ്ത്രശാഖയുടെ പേരാണ് 'ഫൈബർ ഒപ്റ്റിക്സ്'.

വാർത്താവിനിമയ രംഗത്താകട്ടെ ഇവയുടെ ഉപയോഗം നിരവധിയാണ്. വളരെ അയവുള്ള സന്ദേശങ്ങൾ അയക്കുന്ന കേബിൾ ആയി ഉപയോഗിക്കാവുന്ന കാരണം ഒപ്റ്റിക്കൽ ഫൈബർ വാർത്താവിനിമയത്തിനായും കമ്പ്യൂട്ടർ പരസ്പരം ബന്ധിപ്പിക്കുവാനായും മറ്റുമെല്ലാം ധാരാളം ഉപയോഗിച്ചുവരുന്നു. പ്രസരണ നഷ്ടം കൂടാതെ ഒപ്റ്റിക്കൽ ഫൈബറിൽ കൂടി പ്രകാശം വളരെ ദൂരം സഞ്ചരിക്കും എന്നതുകൊണ്ട് ദീർഘ ദൂരം വാർത്താവിനിമയത്തിനായി ഇതു കൂടുതൽ ഉപയോഗിച്ചുവരുന്നു.

ഓഫീസിലും മറ്റു ചെറിയ ദൂരത്തേക്കുള്ള സന്ദേശം അയക്കാൻ ഏറ്റവും ഉചിതമായത് ഇത്തരത്തിലുള്ള ഒപ്റ്റിക്കൽ ഫൈബറുകളാണ്. ഉയർന്ന വിഡ്ത്തുകളിൽ ദീർഘദൂരം ആശയവിനിമയം അവ സാധ്യമാക്കുന്നു. ലോഹചാലകങ്ങളേക്കാൾ പ്രസരണനഷ്ടം കുറവാണെന്നും ഇലക്ട്രോ മാഗ്നറ്റിക് ഇന്റർഫെറൻസ് ഇവയെ ബാധിക്കുകയില്ലെന്നതും ഇവയുടെ മേന്മയാണ്. ആശയവിനിമയത്തിനുപയോഗിക്കുന്നതിനു പുറമെ പ്രകാശിത അലങ്കാര വസ്തുക്കൾ ഉണ്ടാക്കുന്നതിനും അനേകം നാരുകൾ കൂട്ടിച്ചേർത്ത് ദൃശ്യങ്ങൾ സംവഹിക്കുന്നതിനും ഇവ ഉപയോഗിച്ചുവരുന്നു.

സന്ദേശപ്രസരണനഷ്ടം വളരെ കുറവാണെന്ന മേന്മ കൂടി ഒപ്റ്റിക്കൽ ഫൈബറിനു സ്വന്തമാണ്. ഒപ്റ്റിക്കൽ ഫൈബറിന് പ്രധാനമായും രണ്ട് ഭാഗങ്ങളാണ് ഉള്ളത്. ഉള്ളിലുള്ള ഭാഗത്തെ 'കോർ' എന്നും പുറമെയുള്ളതിന് 'ക്ലോഡിങ്ങ് ' എന്നും പറയുന്നു. പ്രകാശത്തെ സംവഹിക്കുന്നത് 'കോർ' ആണ്.

വിദൂരസ്ഥലങ്ങളിൽ നിന്ന് വിവരങ്ങൾ എത്തിക്കാൻ അന്ന് പ്രധാനമായും ആശ്രയിച്ചിരുന്നത് ടെലിഗ്രാഫ്, ടെലിഗ്രാഫ് ഫോൺ എന്നിവയെയാണ്. അവിടെ മുതൽ ആശയവിനിമയത്തിനായി ഉപയോഗിച്ചുവരുന്നവയിൽ ഏറെ പ്രചാരണത്തലുള്ളത് ഇത്തരത്തിലുള്ള ഒപ്റ്റിക് ഫൈബറുകളാണ്. അന്താരാഷ്ട്രപ്രകാശവർഷമാണ് 2015. ഇരുപത്തൊന്നാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ നടന്ന പ്രധാന മാറ്റങ്ങളിലൊന്ന് വാർത്താവിനിമയ രംഗത്തെ വളർച്ചയാണ്. വാർത്താവിനിമയരംഗത്ത് ഇനിയും വലിയ വലിയ മുന്നേറ്റങ്ങൾ ഈയൊരു വർഷത്തിലൂടെ നമുക്ക് ഉണ്ടാക്കിയെടുക്കാം..............

-ഫാത്തിമ ഫിദ . യു. ടി 8A

# ഹോയ്ടി - ടോയ്ടി

റഷ്യൻ കഥാകാരനായ എ. ബെലായെഫ് എഴുതിയ ശാസ്ത്രകൽപിതകഥയാണ് ഹോയ്ടി - ടോയ്ടി. ആനയുടെ ശരീരത്തിൽ മനുഷ്യന്റെ തലച്ചോറ് വെച്ചുപിടിപ്പിച്ച ഒരു ശാസ്ത്രജ്ഞന്റേയും ആനയുടെയും കഥയാണിത്.



സർക്കസ്സിൽ ഹോയ്ടി - ടോയ്ടി അത്ഭുതപ്രവർത്തികൾ നടത്തിക്കൊണ്ടിരിക്കേയാണ് കഥ തുടങ്ങുന്നത്. പ്രദർശനശേഷം ക്ഷീണം മൂലമോ മറ്റെന്തെങ്കിലും പ്രശ്നം മൂലമോ സർക്കസ് വിട്ട് ഓടിപ്പോയ ആനയെ വാട്നർ എന്ന മുഖ്യകഥാപാത്രം തിരിച്ചെത്തിക്കുകയായിരുന്നു . തുടർന്ന് ആനയും വാട്നറും അദ്ദേഹത്തിന്റെ അസിസ്റ്റന്റും കൂടി നടത്തിയ യാത്രയും ആനയുടെ തലയോട്ടിക്കുള്ളിൽ മനുഷ്യന്റെ തലച്ചോർ വച്ചുപിടിപ്പിച്ച പരീക്ഷണത്തെക്കുറിച്ചുള്ള ഡയറിക്കുറിപ്പുകളും പിന്നീട് കഥ പറയുന്നു. ജീവനുള്ള ആനയെ കണ്ടെത്തി ശാസ്ത്രകിയ ചെയ്ത് മനുഷ്യന്റെ തലച്ചോർ അതിനുള്ളിൽ സ്ഥാപിക്കുന്നതു മുതൽ ആനയെ കാണാതാവുന്നതുവരെയുള്ള സംഭവങ്ങൾ ആ കുറിപ്പുകളിൽ ഉണ്ടായിരുന്നു. അതിനു ശേഷമുണ്ടായതെല്ലാം പറയുന്നത് ആനയാണ്. അന ചെന്നുപെട്ട ഇടങ്ങൾ, അവൻ കണ്ടുമുട്ടിയ ആളുകൾ, ശത്രുക്കളിൽ നിന്നുള്ള രക്ഷപ്പെടലുകൾ, അവസാനം ആ സർക്കസിൽ എത്തിപ്പെട്ടത് തുടങ്ങിയവയെല്ലാം ആന ക്രമത്തിൽ പറഞ്ഞുകൊടുക്കുന്നു.

കേരളശാസ്ത്രസാഹിത്യപരിഷത്ത് പ്രസിദ്ധപ്പെടുത്തിയ ഈ പുസ്തകം വായനകാർക്ക് നല്ല അനുഭവം നൽകുന്നു.

-കീർത്തന. എസ്. 9A

# അലകടയന്ത്രമാം അംബ

**സ്നേ**ഹത്തിൻ പാലാഴി തീർത്തുള്ള അമ്മ തൻ
മടിത്തട്ടിൽ ഉറങ്ങാൻ മോഹം - എനിക്ക്
മയങ്ങാൻ മോഹം
എന്നും ഈ ഭുവിൽ അശക്തൻ ഞാൻ
എന്റമ്മയെ സ്നേഹിക്കാൻ സാധ്യമോ എനിക്ക് ?

കരയാറുണ്ട് ഞാൻ രാത്രിയുടെ അന്ത്യയാമങ്ങളിൽ
പുതപ്പിനടിയിലേക്ക് ആണ്ടിറങ്ങുന്നെനിക്ക് അമ്മ
തൻ വാക്കുകൾ തോന്നും കർണ്ണകഠോരം
ഇനിയെന്ന് ഗൗനിക്കും ഞാനതിനെ ?

സ്നേഹത്തോടെ എന്നെത്തട്ടിത്തലോടുന്ന അമ്മ
എന്ന വികാരത്തോട് ദേഷ്യമാം വിധം
തട്ടിക്കയറാറുണ്ട് ഞാൻ
ഇനിയത് ചെയ്യാൻ ഞാനുണ്ടാവരുതേ നാഥാ......

-മുഹമ്മദ് മുഹ്സിൻ. കെ
-അനശ്വര . സുരേഷ് . എം. കെ
9A

# ഓർമകൾക്കെന്തു സുഗന്ധം



**എ**ന്റെ കുട്ടിക്കാലത്ത് എനിക്ക് അമ്മയുടെ വീട്ടിൽ പോവുന്നത് നല്ല ഇഷ്ട്മായിരുന്നു. എന്താണെന്നു വെച്ചാൽ അമ്മയുടെ വീട് പുഴയുടെ ഓരത്താണ്. അവിടെ പോയാൽ ഞങ്ങൾ കുട്ടികളെല്ലാവരും കൂടി പുഴയിൽ പോയി കളിക്കുമായിരുന്നു.പിന്നെ നെൽ വയലുകളും തോട്ടും എല്ലാം കാണാൻ നല്ല ഭംഗിയാണ്. പുഴയിൽ വെള്ളം അധികമുള്ള സമയത്ത് തോണിയിൽ കയറാൻ നല്ല രസമാണ്. തോണിയാത്ര മറക്കാനാവാത്ത ഒരു അനുഭവമാണ്. അതിൽ കയറുമ്പോൾ ആദ്യമൊക്കെ  പേടിയായിരുന്നു. പിന്നെ അത് മാറി രസമുള്ളതായി. ഇപ്പോഴാകട്ടെ പുഴയിലെ മണലൊക്കെ എടുത്ത് പുൽകാടുകളായി. പുഴ നല്ല ആഴമുള്ളതിനാൽ ഇപ്പോൾ തോണിയിഫക്കാൻ ആളുകൾക്ക് പേടിയാണ്. ഇപ്പോഴത്തെ പുഴ കാണുമ്പോൾ കണ്ണുനീർ വരും.

-സന. ആർ. കെ   8B

# ഒരു പേനയുടെ ആത്മകഥ

"**ഞാ**ൻ ഒരു ഫൗണ്ടൻ പേനയാണ്. എന്റെ പേര് പാർക്കർ. ഞാൻ എന്റെ കഥ പറയാം.



അമേരിക്കയിലെ ചിക്കാഗോയിലുള്ള ഒരു നിർമ്മാണ ശാലയിൽ 1941 -ലാണ്ഞാൻ ജനിച്ചത്.

ഉന്നതനിലവാരമുള്ള പേനകൾ ജർമ്മൻ സഹകരണത്തോടെ നിർമിക്കുന്നസ്ഥാപനമാണിത്. അവിടെ നിന്നും ഞാൻ ഇഗ്ലണ്ടിലേക്ക് കയറ്റി അയക്കപ്പെട്ടു. ലണ്ടനിലെ ഒരു കടയിൽ അഭിമാന പൂർവ്വം എന്നെ വിൽപ്പനയ്ക്കു വെച്ചു. പ്രിയപ്പെട്ടവർക്കു നൽകാൻ നല്ലൊരു സമ്മാനം തേടിവന്ന കേണൽ അവിടെ വച്ച് എന്നെ കണ്ടുമുട്ടി. ഒറ്റനോട്ടത്തിൽ തന്നെ അദ്ദേഹത്തിന് എന്നെ ഇഷ്ട്പ്പെട്ടു. 5-പൗണ്ടിന് അദ്ദേഹം എന്നെ

സ്വന്തമാക്കി. എന്റെ ഉടമസ്ഥൻ എന്നെ ഭംഗിയായി കൊണ്ടു വന്ന്, തുർക്കിയിലുള്ള തോംസൺ എൻജിനീയറിംഗ് കോളേജിലെ പ്രൊഫസറായിരുന്ന അദ്ദേഹം അവിടെയുള്ള ഒരു മിടുകനായ വിദ്യാർഥിക്ക് സമ്മാനമായി നൽകി. എന്റെ പുതിയയജമാനൻ എന്നെ സൂക്ഷിച്ചു വെച്ചു. എന്തെങ്കിലും അതിപ്രധാനമായത് എഴുതാൻ വേണ്ടി മാത്രമേ അദ്ദേഹം എന്നെ ഉപയോഗിച്ചൊള്ളൂ. കാൽ നൂറ്റാണ്ടുകാലം അദ്ദേഹം എന്നെ കൈവശം വച്ചു. പിന്നീട് അദ്ദേഹം കോളേജ് പഠനം ഉന്നത നിലയിൽ പൂർത്തിയാക്കിയ തന്റെ പുത്രനോടുള്ള സന്തോഷസൂചകമായി എന്നെ സമ്മാനിച്ചു. എന്റെ പുതിയ ഉടമസ്ഥൻ എന്നെ കിട്ടിയതിൽ വളരെ ആഹ്ലാദിച്ചു. അദ്ദേഹം നല്ല വടിവൊത്ത അക്ഷരത്തിൽ എഴുതി എല്ലാ വരെയും കാണിക്കുമായിരുന്നു. കാൽനൂറ്റാണ്ടു പഴക്കമുള്ള എന്റെ മിന്നുന്നപ്രകടനം കണ്ട് അദ്ദേഹത്തിന്റെ കൂട്ടുകാരൊക്കെ അത്ഭുതപ്പെട്ടു. എന്റെ ഉടമസ്ഥൻ എന്നെനന്നായി പരിചരിച്ചു, സൂക്ഷിച്ചു.

2009 ൽ എനിക്ക് 70 വയസ്സ് പൂർത്തിയായി എന്റെ പിറന്നാൾ കെങ്കേമമായി അഘോഷിച്ചു. ആ ദിനമായിരുന്നു എന്റെ ഉടമസ്ഥന്റെ മകന്റെ പതിനൊന്നാം ജന്മദിനവും. നന്നായിസൂക്ഷിച്ച് ഉപയോഗിക്കണമെന്നനിർദേശത്തോടെ എന്റെ ഉടമ അദ്ദേഹത്തിന്റെ മകന് സമ്മാനിച്ചു. കേടുകൂടാതെ ഉപയോഗിച്ച്എന്നെ അടുത്ത തലമുറയിലെ ആർകെങ്കിലും കൈമാറണം എന്നും അദ്ദേഹം നിർദ്ദേശിച്ചു.

-ആദില ബേബി. പി 9F

# തമാശയായി ചില സത്യങ്ങൾ

.**ഭൂ**മിയിലുള്ളതിൽ വച്ച് ഏറ്റവും കരുത്തനായ ജീവി ആരാണെന്നറിയാമോ? ഒരു ബാക്ടീരിയയാണ് കക്ഷി! സ്വന്തം ശരീര ഭാരത്തിന്റെ ഒരു ലക്ഷം മടങ്ങ് ഭാരം വരെ വലിക്കാൻ കഴിവുള്ള ഗൊണേറിയ ബാക്ടീരിയ ആണ് ഈ താരം.

.മനുഷ്യന്റ ഉമിനീരിലുള്ള ഒഷിയോർഫിൻ (osiorphin) മോർഫിനേക്കാൾ ആറുമടങ്ങ് മികച്ച വേദസംഹാരിയാണ്.

.പാറ്റയുടെ കുഞ്ഞിനെ വിളിക്കുന്ന പേരെന്താണെന്നറിയാമൊ? പാറ്റകുഞ്ഞ് എന്ന് പറയാൻ വരട്ടെ. ജലദേവത, വനദേവത എന്നൊക്കെ അർത്ഥമുള്ള നിംഫ് (Nymph) എന്നാണ് അവയുടെ പേര്!


ബീവർ

.സുതാര്യമായ കൺ പോളകളുള്ള ജീവിയാണ് ബീവർ. അതുകൊണ്ട് കണ്ണടച്ചാലും അവയ്ക്ക് കാണാം.

-ബർസ ടി. ടി 8A

# പ്രകൃതിസൗന്ദര്യം

പ്രകൃതി എത്ര സുന്ദരം-

പച്ചപ്പിനാൽ നിറഞ്ഞ പ്രകൃതി.

എത്ര മനോഹരമാണെൻ പ്രകൃതി-

കാണാൻ എത്ര സുന്ദരമാണ്.

പച്ചപ്പിനാൽ തിളങ്ങുന്ന പ്രകൃതി-

ഭൂമിയെ എത്ര മനോഹരമാക്കുന്നു.

പച്ചപ്പിനാൽ തിളങ്ങുന്ന ചെടികളും, മരങ്ങളും, കുന്നുകളും

പ്രകൃതിയെ എത്ര മനോഹരമാക്കുന്നു.

പ്രകൃതിയാണെൻ വർണ്ണം -

പ്രകൃതിയാണെൻ ആശ്വാസം.

-ഫാത്തിമ ഷഫ്ന. കെ 8A

# ചങ്ങാതി

**ഉ**യർത്തെഴുന്നേൽപ്പിന്റെ
പ്രതീകമാന്റെ ചങ്ങാതി
സ്കൂൾ  വരാന്തയെന്നെ
പരിചയപ്പെടുത്തീ ചങ്ങാതി
നാരങ്ങാമിഠായിയുടെ
രുചി പകർന്നതും ചങ്ങാതി
പൊതി ചോറെനിക്കായ്
നീട്ടിയതും ചങ്ങാതി
എന്റെ ഓരോ ദു:ഖത്തിലും
പങ്കു ചേർന്നതും ചങ്ങാതി
എന്റെ സന്തോഷത്തിൽ
ആഘോഷമാക്കിയെന്റെ ചങ്ങാതി
പെട്ടെന്നൊരുനാൾ പിരിയാൻ
ദൈവം വിധിക്കവെ
പൊട്ടിക്കരഞ്ഞന്നെ
മാറോട്ടു ചേർത്തതും ചങ്ങാതി
ഓർമ്മയിൽ വെളിച്ചം പരത്തുന്നതും
എൻ പ്രിയപ്പെട്ട ചങ്ങാതി
പിരിഞ്ഞാലും തന്റെസാന്നിധ്യം
വിളിച്ചോതുന്ന ചങ്ങാതി


-സഞ്ജന എം. പി     8B

# ഒരു മഞ്ഞുതുള്ളി

**ഒ**രു മഞ്ഞുതുള്ളി തിളങ്ങിന്നു
മരതക മാണിക്യ വൈഡ്യൂര്യമായി
സുന്ദരമാമിതിൻ പുഞ്ചിരി
എൻ മനസ്സിനുള്ളിലേക്കാഴ്ന്നിറങ്ങി
പുല്ലിൽ വഴുതി കളിച്ചതാ
പുഞ്ചിരിതൂകി രസിക്കുന്നു
ഇതാ പുഞ്ചിരി തൂകി രസിക്കുന്നു
അകലെയതാ ദിനകരൻ
എത്തിനോക്കിടുന്നു പാവമാ
തുള്ളി വിയർക്കുന്നു
നിമിഷനേരം കൊണ്ടലി-
ഞ്ഞലിഞ്ഞില്ലാതായ്
പാവമാ സുന്ദര മഞ്ഞുതുള്ളി
നിമിഷ നേരം കൊണ്ടലിഞ്ഞലിഞ്ഞ്-
ല്ലാതായ് പാവമാം സുന്ദര മഞ്ഞുതുള്ളി

-അനുപമ. സി. പി 8A

# പദപ്രശ്നം




## വലത്തോട്ട്

2.ചൂടും വൈദ്യുതിയും നന്നായി കടത്തിവിടുന്ന ലോഹം അടുക്കളപാത്രങ്ങളുടെ രൂപത്തിലാണ് നമുക്ക് പരിചയം.

4.ഉൽക്കയല്ല; കൊള്ളിമീൻ ബഹിരാകാശത്തുനിന്നാണ് ഭൂമിയിൽ വന്നു വീഴുന്നത്.

5.അന്തരീക്ഷനീരാവി ഘനീഭവിച്ചാണ് ഉണ്ടാകുന്നത്.

6.രസതന്ത്രത്തിലെ ഒരു സൂചകം. ക്ഷാരങ്ങളുടെയും അമ്ലങ്ങളുടെയും സാന്നിധ്യം നിറം വ്യത്യാസം കൊണ്ട് സൂചിപ്പിക്കുന്നു.

7.നീളവും വീതിയും ഉയരവും തുല്യമായ ചതുരകട്ട.

9.ദ്രാവക രൂപത്തിലാണ് ഈ ലോഹം.

10.അണുവിഘടനം കണ്ടുപിടിച്ച ജർമൻ ശാസ്ത്രജ്ഞൻ.

12.ആവർത്തനപ്പട്ടികയിലെ ഇരുപത്തെട്ടാമത്തെ മൂലകമാണ് ലോഹം.

13.ദൂരദർശിനി കണ്ടുപിടിച്ച.

# താഴോട്ട്

1.ആസിഡുകളുമായി ചേർന്ന് ഇത് ലവണങ്ങൾ ഉണ്ടാകുന്നു.
3.പേപ്പട്ടി വിഷത്തിന് മരുന്ന് കണ്ടുപിടിച്ച ഫ്രഞ്ച്ശാസ്ത്രജ്ഞൻ.
5.രസതന്ത്രത്തിലും ഫിസിക്സിലും നോബൽ പുരസ്കാരം നേടിയ ഈ വനിതയെ ബഹുമാനിക്കുവാൻ കൂടിയാണ് രസതന്ത്രവർഷാചരണം നടത്തുന്നത്.
8.ഗ്രീക്ക്  ദാർശനികന്റെ പേരാണ്. സൗരയൂഥത്തിൽ ഗ്രഹമായി വിജാരിച്ച ഇപ്പോൾ വെറും ഒരു ഗോളം.
9.ആവർത്തനപ്പട്ടിക കണ്ടുപിടിച്ച ജർമൻശാസ്ത്രജ്ഞൻ.
10.ഓക്സിജന്റെ മൂന്ന് ആറ്റങ്ങൾ  ചേർന്നുണ്ടായ ഈ വാതകപാളി ഭൂമിയുടെ സംരക്ഷണ കവചം കൂടിയാണ്.
11.ഈ ഇന്ധനം ജൈവാവശിഷ്ടങ്ങൾ പരിഗണിച്ചുണ്ടായ കാർബൻ ആണ്.
12.അലസവാതകങ്ങളിൽ ഒന്ന്. ഒരു മൂലകം ബൾബുകളിൽ ഉപയോഗിക്കുന്നു.

-ഫാത്തിമ ഫിദ. യു. ടി  8A

# പ്രകൃതി

എന്തു മനോഹരമാണ് നമ്മുടെ ഈ പ്രകൃതി,

മരങ്ങളും ജീവികളും പുഴകളും അരുവികളും ഉൾപ്പെടുന്നതാണ് നമ്മുടെ പ്രകൃതി.

പച്ചപ്പട്ടുടുത്ത്  നിൽക്കുന്നതാണീ പ്രകൃതി,

ജീവികളും സസ്യങ്ങളും ഉൾപ്പെടുന്നതാണീ പ്രകൃതി.

എന്തു ഭംഗിയാണ് കാറ്റിൽ ആടിക്കളിക്കുന്ന മരങ്ങളെ കാണാൻ,

പ്രകൃതിയില്ലാത്തൊരു ജിവിതം നമുക്കാലോചിക്കാനെ വയ്യ,

നമ്മുടെ ഓരോരുത്തരുടേയും ജീവന്റെ നിലനിൽപ്പിനാധാരമാണീ പ്രകൃതി.

കുന്നുകളും മലകളും നശിച്ചുകൊണ്ടിരിക്കുകയാണ്

മനുഷ്യന്റെ ഹീനപ്രവർത്തികൾ കാരണം,

നമുക്ക് ഉയർത്തെഴുന്നേൽക്കാം പ്രകൃതിയെ സംരക്ഷിക്കുന്നതിനു വേണ്ടി,

നമുക്കൊത്തൊരുമിക്കാം പ്രകൃതിക്കു വേണ്ടി.

-മനു. എം    8B

# ഒരു കുടന്ന വെളിച്ചമായ്

ഒരിക്കൽ ഒരു മനുഷ്യൻ തന്റെ കൃഷിയിടത്തിൽ നിന്ന് അതിമനോഹരമായ ഒരു വെണ്ണക്കൽ പ്രതിമ കുഴിച്ചെടുത്തു. സൗന്ദര്യ വസ്തുക്കളെ സ്നേഹിക്കുകയും അവ ശേഖരിക്കുകയും ചെയ്തിരുന്ന ഒരാളുടെ അടുത്തേക്ക് അയാൾ അതുമായി ചെന്നു. അയാൾ ആ പ്രതിമയെ ഒരു വലിയ വിലയ്ക്ക് വിറ്റു.

പണവുമായി വീട്ടിലേക്ക് മടങ്ങുമ്പോൾ അയാൾ ഇങ്ങനെ ചിന്തിക്കാൻ തുടങ്ങി. "ഈ പണം എന്തു മാത്രം ജീവിത സൗകര്യങ്ങളാണ് പ്രദാനം ചെയ്യുന്നത് ! എല്ലാവരാലും അവഗണിക്കപ്പെട്ട് ആയിരത്തോളം വർഷങ്ങളായി മണ്ണുമൂടിക്കിടന്നിരുന്ന ഒരു മൃതശിലാഖണ്ഡത്തിനു പകരമായി ഇത്ര മാത്രം പണം നൽകി ഏതു വിഡ്ഢിയാണ് വിലയ്ക്ക് വാങ്ങുക?"

അപ്പോൾ തന്റെ കൈകളിലെത്തിച്ചേർന്ന പ്രതിമയിലേക്ക് നോക്കി സൗന്ദര്യാസ്വാദകൻ ഇങ്ങനെ ചിന്തിക്കുകയായിരുന്നു. "എന്തൊരു സൗന്ദര്യം! ആയിരം വർഷങ്ങളുടെ നിർമ്മ മധുരമായ നിദ്രയ്ക്കു എന്റെ കൈകളിലെത്തിച്ചേർന്നിരിക്കുന്നത് ഏതോ ആത്മാവിന്റെ സ്വപ്നമാണ്. മാന്യവും സ്വപ്നരഹിതവുമായ പണത്തിനു പകരമായി ഇതിനെക്കൈമാറാൻ ആർക്കു തോന്നും."

# തണലിന്റെ മരണം



ഹാ! ചുട്ടു പഴുത്ത പാതയിലൂടെ

ഞാൻ നഗ്നന പാദനായ്  ശരവേഗത്തിൽ

പായവേ പച്ചക്കാട്ടിലെ അന്ധകാരത്തിൽ

അവൾ നൂറു ജീവന്റെ തണലേകും

മാനത്തിലൂടെ കവിതകൾ

പാറുമ്പോൾ അവന്റെ പഴങ്കഥയിൽ

ഞാൻ ആകൃഷ്ടനായി

മാനത്തെ അമ്പിളിത്തോണിയിൽ

ബി.എച്ച്.എസ്.എസ്. മാവണ്ടിയൂർ

ചായുന്ന മേഘത്തെ മെല്ലെത്തഴുകിടാതെ

ആരോ കിനാവിന്റെ ചെപ്പൊന്നിളക്കി

അതവളായിരുന്നു തണൽമരം

എന്നരികിൽ വന്നു നീ ചിരിച്ചപ്പോഴും

നിന്നെ ഞാർത്തിടെ , എന്നുമെന്നും

വേദനകൊണ്ടു ഞാൻ കരഞ്ഞിടുമ്പോൾ

നിന്റെ നീണ്ട ശിഖരങ്ങളെന്നെ തഴുകി

സന്ധ്യതൻ കാർമേഘ കുന്ദലിനുള്ളിൽ

ഒളിച്ചിരിക്കിമ്പോഴും ഓർത്തിടാനെന്നിൽ-

എന്നു മെന്നും

ഇന്നവളെന്നെത്താഴുകിടാറില്ല

ഇന്നവളെന്നെ നോക്കാറില്ല

നൂറു ജീവനു തണലേകിയതിൻ പേരിൽ

രക്ത സാക്ഷിയായവളെന്നെയറിക്കാതെ

ചോര ഞരമ്പുകൾ കുടിപ്പിണയുമ്പോൾ

രക്ത പ്രവാഹത്തിൽ മുങ്ങി ഞാനും

നീയില്ലാത്തതിനാലേ ഞാനും

ചത്തതിനൊക്കുമേ ജീവിച്ചിരിക്കുന്നുണ്ട്

-നീരജ് നാരായണൻ.ടി.എസ് - 8D

# നോവൃതാരാട്ട്

എന്തിനോ ഏതിനോ ഇന്നമ്മയോട്

ഞാൻ കുത്തു വാക്കോതി തിരിഞ്ഞനേരം

അമ്മതൻ നെഞ്ചമിന്നെൻ മുന്നിൽ-

വച്ചുതാൻ പിടഞ്ഞു മരിക്കുന്ന കാഴ്ച്ച കണ്ടു ഞാൻ

ശാഖയിൽ നിന്നു ചിറകൊടിഞ്ഞു

വീണൊരാ കൊച്ചു പക്ഷിയായി

ഞാൻ മാറിയപ്പോൾ

വേദന കൊണ്ടു പിടയുന്ന ഹൃത്തുവായി

അമ്മയിന്നെൻ മുന്നിൽ വച്ചു തേങ്ങി

അമ്മതൻ നോവൃതാരാട്ടിന്റെ-

വരികളന്നേരം എൻ നെഞ്ചിൽ മുഴങ്ങി

എന്തോ ഇടിവെട്ടേറ്റതുപ്പോലെ

നിശ്ചലനായി ഞാൻ നിന്നതോർക്കെ

എന്തേ എന്നമ്മയോടൊന്നും

പറയാതെ നിശ്ശബ്ദനായി

ഞാൻ  നിന്ന തോർക്കെ

ബി.എച്ച്.എസ്.എസ്. മാവണ്ടിയൂർ

പെട്ടെന്നു നിശ്ശബ്ദതയെ വെല്ലുമാ

അച്ഛന്റെ സ്വരം കന<u>ത്തു</u>യർന്നു



#2788822

തെറ്റുകളെവർക്കും സംഭവിക്കാം

പക്ഷേ തെറ്റാവർത്തിക്കാതിരിക്കലാണു ധർമ്മം

പെട്ടെന്നു തന്നെയമ്മ എന്നെയെടുത്ത്

വാരിപ്പുണർന്ന തോർക്കുന്നു ഞാൻ

എന്തിലും ധർമ്മം പറയുന്ന അച്ഛന്റെ

വാക്കുകളിന്നുമേ നോവുതാരാട്ട്

-നീരജ് നാരായണൻ.ടി.എസ് - 8D

# വിദ്യാലയം



ഞാനും വൈകാതെ അവിടെ എത്തി

അതാണെന്റെ വിദ്യാലയം

കരഞ്ഞു കരഞ്ഞു കണ്ണ് കലങ്ങി

വീട്ടിൽ പോകണമെന്നോതി

അന്നേരം ടീച്ചറിന്റെ ഭാവം കണ്ടെന്റെ

മനസ്സിൽ കലി കേറി

ഞാൻ കരയും നേരം ടീച്ചറിൻ

മുഖത്ത് പുഞ്ചിരി വിടർന്നു നിൽകുന്നു

ഞാൻ ഇറങ്ങി ഓടുന്നേരം എത്തി

ബി.എച്ച്.എസ്.എസ്. മാവണ്ടിയൂർ

സ്കൂൾ മൈദാനിയിൽ

അന്നേരം എൻ മനസ്സിൽ കുളിരേകി

സ്കൂളിൻ സുന്ദരമായ  മൈദാനം

പിറ്റേന്ന് ഞാൻ സ്കൂളിൽ എത്തി

പുഞ്ചിരിച്ച മുഖവുമായി

അന്നേരം ടീച്ചറിൻ ഭാവം കണ്ടന്റെ

മനസ്സിൽ കലി കേറി

ഞാൻ ചിരിക്കും നേരം ടീച്ചറിൻ

മുഖത്ത് കോപം വിടർന്നു

നീ പാഠം എഴുതിയോ വായിച്ചോന്നുരുവിട്ട്

അന്നേരം എൻ മനസ്സിൽ സങ്കടം കുടിയേറി

പിന്നേ സ്കൂളിൽ നിന്ന് ബെല്ല് കേൾക്കുന്നതാ

കുട്ടികൾ ഇറങ്ങി ഓടുന്നു

അന്നേരം സ്കൂളിൻ മൈദാനിയിലവർ കളിക്കുന്നു

അതുകണ്ട് ഞാൻ സന്തോഷവനായി

-അബ്ദുൽ വാസിഹ് - 9G

# സെൻസസ് നാളുകൾ

വീടുകൾ തോറും കേറിയിറങ്ങണം

ആളുകളേയും ബോധിപ്പിക്കണം

ആധാർ വേണം, ആധാർ വേണം

എന്നുപ്പറയും ടീച്ചേഴ്സ്

ആധാർ കയ്യിൽ കിട്ടാനൊരുപാടു

നേരം പിന്നേം വേണല്ലോ

തപ്പിത്തിരഞ്ഞ് തപ്പിത്തിരഞ്ഞ്

ആളുകൾ പെട്ടിയുമായി ഇങ്ങെത്തും

പെട്ടി തുറന്നാലോ

ആധാർ ആധാരമായി വന്നീടും

വീട്ടിലെല്ലാവരും ഒത്തൊരുമിച്ച്

ആധാരമായിട്ടിങ്ങെത്തും

ആധാർ നമ്പർ എഴുതിയെടുത്ത്

ടീച്ചേഴ്സ് എങ്ങോ പായുന്നു

പാഞ്ഞു നടന്ന് പറന്നു നടന്ന്

ബി.എച്ച്.എസ്.എസ്. മാവണ്ടിയൂർ

## വീട്ടിലെത്തു നേരത്തേ

കണ്ണ് ചുവന്ന് ശൂന്യതയോടെ

കിടക്കയിലേക്കൊരു വീഴ്ച്ച

മിണ്ടാനില്ല പറയാനില്ല ചിരിക്കാനില്ലൊട്ടു നേരം

വീട്ടുകളേവർക്കും തുല്യമായി നൽകിക്കൂടെ സർക്കാരെ

-നീരജ്നാരായണൻ.ടി.എസ്

8D

# ഷെർലക് ഹോംസ് കഥകൾ

ആർതർ കോനൻ ഡോയൽ എന്ന ബ്രിട്ടീഷ് കഥാകാരൻ എഴുതിയ കുറ്റാന്വേഷണ നോവലാണ് ഷെർലക് ഹോംസ് കഥകൾ. ഇത് മലയാളത്തിലേക്ക് വിവർത്തനം ചെയ്തത് ബി. നന്ദകുമാർ ആണ്. പ്രമാദമായതും സങ്കീർണ്ണവുമായ പല കേസുകളും ഷെർലക് ഹോംസ് എന്ന കുറ്റാന്വേഷണ വിദഗ്ദൻ തെളിയിക്കുന്നതാണ് ഈ കഥയുടെ ആധാരം

1859 മെയ് 22 നാണ് ബ്രിട്ടണിൽ ആർതർ ജനിക്കുന്നത്. അമ്മയിൽ നിന്ന് ആർതർ ധാരാളം കഥകൾ കേൾക്കുമായിരുന്നു. പഠന ശേഷം ആർതർ എഡിൻബറോ സർവകലാശാലയിൽ നിന്ന് മെഡിക്കൽ ബിരുധം എടുത്തു. 1887-ൽ 'ചോരക്കളം' ആണ് ആദ്യ നോവൽ. എന്നാൽ ഷെർലക് ഹോംസ് ആണ് ആദ്ദേഹത്തേ ഏറെ പ്രശസ്തനാക്കിയത്. എഴുത്തിനു പുറമേ അദ്ദേഹം പേരുകേട്ട കായിക താരവുമായിരുന്നു. 1930 ജൂലൈ 7-ന് അദ്ദേഹം ലോകത്തോട് വിടപറഞ്ഞു.

വളരെ സങ്കീർണ്ണമായ പത്തു കേസുകൾ അദ്ദേഹം ഈ പുസ്തകത്തിൽ തളിയിക്കുന്നുണ്ട്. ഓരോന്നും ഒന്നിനൊന്ന് മികച്ചതും പ്രാധാന്യമർഹിക്കുന്നതുമാണ്. ഷെർലക് ഹോംസിന്റെ പ്രിയ സുഹൃത്ത് വാട്സൺ ആയിരിക്കും എല്ലാ കേസിലും അദ്ദേഹത്തെ അനുഗമിക്കുന്നത്. അതിനാൽ തന്നെ വാട്സൺ പറയുന്നതു പോലെയാണ് കഥ മുന്നോട്ട് പോകുന്നത്.

ബി.എച്ച്.എസ്.എസ്. മാവണ്ടിയൂർ

വളരെ ചെറിയ കാര്യങ്ങൾ പോലും ഹോംസ് വെറുതെ വിടില്ല. അതിൽ നിന്നെല്ലാം വലിയ വലിയ കാര്യങ്ങളായിരിക്കും പുറത്തുവരിക. ഒരേ സമയം ഒരു കേസു മാത്രമേ അദ്ദേഹം അന്വേഷിക്കൂ. അന്വേഷണത്തിന്റെ അവസാനം വരേ രഹസ്യ സ്വഭാവമുള്ള കാര്യങ്ങൾ വാട്സനോട് പോലും അദ്ദേഹം പറയില്ല. ആയോധന കലകളിൽ വളരെ പിടിപാടുള്ള ഈ കുറ്റാന്വേഷകൻ ബുദ്ധിയുടെ കാര്യത്തിൽ കുറച്ചൊന്നുമല്ല നമ്മെ അത്ഭുതപ്പെടുത്തുക. 'ചോരപ്പാടുകൾ' എന്ന പത്താമത്തെ അദ്ധ്യായത്തിൽ സഹായം തേടിവരുന്നതു ബ്രിട്ടൻ പ്രധാനമന്ത്രിയും ആ രാജ്യത്തിന്റെ രാഷ്ട്ര തന്ത്രജ്ഞനുമാണ്. ഇപ്പോൾ തന്നെ ഹോംസിന്റെ പ്രശസ്തിനമുക്ക് മനസ്സിലാക്കാൻ കഴിയും. ബ്രിട്ടനെ വളരെ സങ്കീർണമായ ഒരു പ്രശനത്തിൽ നിന്നും രക്ഷിക്കുന്നുമുണ്ട് അദ്ദേഹം. കേസ് തെളിയിക്കുവാനായി യാത്രകളും പത്രവായനയും അദ്ദേഹം നിരന്തരം നടത്തുന്നുണ്ട്.

സാധാരണക്കാരന് വളരെ വ്യക്തമാകുന്ന തരത്തിലാണ് അദ്ദേഹം പുസ്തക വിവർത്തനം നടത്തിയിട്ടുളത്. കഥകളുടെ ആദ്യം മുതൽ തന്നെ ഒരു ജിജ്ഞാസ വായനക്കാരനെ പിടിക്കൂടുന്നുണ്ട്. വളരെ മനോഹരമായ ഒരു കൃതിയാണിത്.

ഗ്രീൻ ബുക്സ് പ്രസിദ്ധീകരിക്കുന്ന ഈ പുസ്തകം 200 രൂപ വിലമതിക്കുന്നതാണ്. ഇതിനെ മറികടക്കാൻ ഇനിയൊരു കുറ്റാന്വേഷണ നോവൽ രചിക്കണം.

-മുഹമ്മദ് മുഹ്സിൻ.കെ

9A

# ചിത്രങ്ങൾ

## ബി.എച്ച്.എസ്.എസ്. മാവണ്ടിയൂർ

### ലിറ്റിൽ കൈറ്റ്സ് - 2018-19

**ചില പ്രവർത്തനങ്ങൾ**



ലിറ്റിൽ കൈറ്റ്സ്  - യൂണിറ്റ് ഉദ്ഘാടനം



ലിറ്റിൽ കൈറ്റ്സ്  - സ്കൂൾതല പരിശീലനം



ക്യാമറപരിശീലനം - അബ്ദുൾ വസീഹ്



ലിറ്റിൽ കൈറ്റ്സ് - ID കാർഡ് വിതരണം